# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 11 (ANNUALEXAM 2025)**

**1) ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതെന്ന് 'ബൈബിളിനെക്കുറിച്ചു പറഞ്ഞത് ആര്?**

**A) വിശുദ്ധ പത്രോസ്**

B) വിശുദ്ധ പൗലോസ്

C) വിശുദ്ധ ആഗസ്തിനോസ്

D) വിശുദ്ധ സേവേറിയോസ്

**2) പൂരിപ്പിക്കുക**

**പുതിയ നിയമം പഴയ നിയമത്തിൽ മറഞ്ഞു കിടക്കുന്നു, ........................................ പുതിയനിയമത്തിലും**

**A) പഴയതു പ്രകാശിതമാകുന്നത്**

B) പഴയ നിയമം പൂർത്തിയാകുന്നത്

C) പഴയതിന്റെ പൂർത്തീകരണം

D) പഴയത് ദൃഢമാകുന്നത്

**3) തന്നിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

**A) നിയമങ്ങളും ചട്ടങ്ങളും അനുഷ്ഠിക്കുന്നതുവഴി ദൈവരാജ്യം സ്വന്തമാക്കാം**

B) വിശ്വാസത്താലുള്ള നീതീകരണം എബ്രഹാം മുതൽക്കേ ഉണ്ട്

C) വിശ്വാസമുണ്ടെങ്കിലും രക്ഷിക്കപ്പെടുന്നത് ദൈവകൃപയാൽ മാത്രമാണ്

D) പഴയനിയമം പൂർണമായും ഇന്നും പ്രസക്തമാണ്

**4) സുവിശേങ്ങൾ ഒന്നേയുള്ളു എന്ന് പറയുവാൻ കാരണം**

**A) സുവിശേഷങ്ങൾ എല്ലാം ദൈവപുത്രനായ ക്രിസ്തുവിനെക്കുറിച്ചാണ്**

B) എല്ലാ സുവിശേഷങ്ങളും എഴുതിയത് കർത്താവിന്റെ ശിഷ്യന്മാർ തന്നെയാണ്

C) എല്ലാ സുവിശേഷങ്ങളുലും അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ട്

D) എല്ലാ ഉത്തരങ്ങളും ശരിയാണ്

**5) വിശുദ്ധ പൗലോസിന്റെ കത്തുകളെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

**A) കത്തുകളെല്ലാം ഒരേ സാഹചര്യത്തിൽ എഴുതിയിട്ടുള്ളവയാണ്**

B) പ്രാദേശിക സഭകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് കത്തുകൾ എഴുതിയിട്ടുള്ളത്

C) കത്തുകൾ പരിശുദ്ധാത്മ പ്രചോദനത്താൽ എഴുതപ്പെട്ടിട്ടുള്ളവയാണ്

D) കത്തുകൾ ഇപ്പോഴും പ്രസക്തമായിരിക്കുന്നു

**6) വിശുദ്ധ കുർബ്ബാനയെ സംബന്ധിച്ചു് തന്നിരിക്കുന്നവയിൽ ഏറ്റവും അനുയോജ്യമായ പ്രസ്താവന തെരഞ്ഞെടുക്കുക**

**A) എല്ലാ പ്രസ്താവനകളും ശരിയാണ്**

B) ആരാധനയിൽ ഏറ്റവും പ്രധാനം വിശുദ്ധ കുർബ്ബാനയാണ്

C) മാറാനായ പെരുനാളുകളിൽ വിശുദ്ധ കുർബ്ബാന നിർബന്ധമാണ്

D) കുർബാനയിൽ തിരുവചനത്തിന് വളരെ പ്രാധാന്യമുണ്ട്

**7) യേശുവിന്റെ ഉത്ഥാനത്തിന് ശേഷം നടന്ന സംഭവങ്ങൾ കൊടുത്തിരിക്കുന്നത് കാലഗണനാ ക്രമത്തിൽ പറഞ്ഞാൽ ഏറ്റവും അവസാനം വരുന്നത് തെരഞ്ഞെടുക്കുക**

**A) ശെമ്മാശ്ശന്മാരെ തെരെഞ്ഞെടുത്തു**

B) യൂദായ്ക്കു പകരം മത്ഥിയാസിനെ തെരെഞ്ഞെടുത്തു

C) പെന്തികൊസ്തി പെരുനാളിലെ പരിശുധാത്മാനൽവരം പ്രാപിച്ചു
D) യേശു സ്വർഗാരോഹണം ചെയ്തു

**8) പൗലോസിനെ ജാതികളുടെ അപ്പോസ്തോലൻ എന്ന് വിളിക്കാൻ കാരണം**
**A) പ്രവർത്തനങ്ങൾ യെഹൂദ്യക്കും ശമര്യക്കും പുറത്തു റോമ സാമ്രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളിൽ നടത്തിയത് കൊണ്ട്**
B) അക്രൈസ്തവരുടെ ഇടയിൽ മാത്രം സുവിശേഷപ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട്
C) ഏറ്റവും കൂടുതൽ ആളുകളെ മാനസാന്തരപ്പെടുത്തിയതുകൊണ്ട്
D) പൗലോസ് ശ്ലീഹാ അക്രൈസ്തവനായിരുന്നതുകൊണ്ട്

**9) യെരുശലേം കൗൺസിൽ കൂടിയതിന്റെ പ്രധാന ഉദ്ദേശം ?**
**A) യഹൂദർ അല്ലാത്തവർ ക്രിസ്ത്യാനികൾ ആകുമ്പോൾ പാലിക്കേണ്ട കർമങ്ങൾ തീരുമാനിക്കുവാൻ**
B) യെഹൂദരല്ലാത്തവരുടെ ഇടയിൽ മിഷൻ പ്രവർത്തനം നടത്തുമ്പോൾ പാലിക്കേണ്ട രീതികൾ തീരുമാനിക്കുവാൻ
C) സുവിശേഷ പ്രവർത്തനം നടത്തുന്ന സ്ഥലങ്ങൾ തീരുമാനിക്കുവാൻ
D) സഭയിലുണ്ടായ അധികാരത്തർക്കം പരിഹരിക്കുവാൻ

**10) തന്നിരിക്കുന്നവയിൽ പെന്തിക്കോസ്തിയോടു ബന്ധമില്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) യൂദായ്ക്കു പകരം ശിഷ്യനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു**
B) ക്രൈസ്തവസഭയുടെ വളർച്ചക്ക് തുടക്കം കുറിച്ചു
C) എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചു
D) വളരെപ്പേർ മാനസാന്തരപ്പെട്ട് സഭയോട് ചേർന്നു

**11) മാർതോമാശ്ലീഹ ഉത്തരേന്ത്യയിൽ സുവിശേഷം പ്രചരിപ്പിച്ചു എന്ന് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള അന്ത്യോക്യൻ സുറിയാനി സഭാ പിതാവ്**
**A) ഗ്രീഗോറിയോസ് ബാർ എബ്രായ**
B) മാർ അത്താനാസിയോസ്
C) സ്വർണനാവുകാരനായ മാർ ഈവാനിയോസ്
D) മാർ കൂറീലോസ്

**12) എല്ലാ വൈദേശിക ആധിപത്യത്തിനും മേൽക്കോയ്മയ്ക്കും എതിരെ മലങ്കരസഭ നടത്തിയ പ്രഥമ സ്വാതന്ത്ര്യ സമരം**
**A) കൂനന്കുരിശ് സത്യം**
B) മാവേലിക്കര പടിയോല
C) ആർത്താറ്റ് വിളംബരം
D) കൊച്ചി പഞ്ചായത്ത് വിളംബരം

**13) മലങ്കരസഭയും അന്ത്യോക്യൻ സുറിയാനിസഭയും തമ്മിൽ ബന്ധം ആരംഭിച്ച സംഭവം**
**A) 1665 ൽ യെരുശലേമിലെ അബ്ദുൽ ജലീൽ ഗ്രിഗോറിയോസിന്റെ മലങ്കര സന്ദർശനം**
B) കൂനൻ കുരിശ് സത്യം
C) ഉദയം പേരൂർ സുന്നഹദോസ്
D) മുളന്തുരുത്തി സുന്നഹദോസ്

**14) വി. കുർബാനയിൽ വീഞ്ഞിനോടൊപ്പം തുല്യഅളവ് വെള്ളം ചേർക്കുന്നതിന്റെ കാരണം?**
**A) ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവുമായി സംയോജിച്ചതിനെ സൂചിപ്പിക്കുവാൻ**
B) പ്രകൃതിക്കു പ്രാധാന്യം നൽകുവാൻ

C) മനുഷ്യജീവിതത്തിൽ ജലത്തിനുള്ള പ്രാധാന്യത്തെ എടുത്തുകാണിക്കുവാൻ,
D) വീഞ്ഞിന്റെ വീര്യം കുറയ്ക്കുവാൻ)

**15) മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ട വർഷവും ആദ്യത്തെ കാതോലിക്കായും .. ശരിയുത്തരം തെരഞ്ഞെടുക്കുക**
**<u>A) 1912 മാർ ബസേലിയോസ് പൗലോസ് പ്രഥമൻ</u>**
B) 1934 മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ
C) 1915 മാർ ബാസേലിയോസ് ഔഗേൻ ബാവ
D) 1921 മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ

**16) മലങ്കരസഭയുടെ കാതോലിക്കേറ്റിന്റെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**<u>A) തിഗ്രീസിലെ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനം മാത്രമാണ്</u>**
B) സ്വതന്ത്ര ഭരണ സംവിധാനമാണ്
C) സ്വയം ശീർഷക അധികാരങ്ങൾ ഉണ്ട്
D) വിശുദ്ധ മൂറോൻ കൂദാശ നടത്തുവാനുള്ള അധികാരം ഉണ്ട്

**17) 2017 ലെ സുപ്രീം കോടതി വിധിയുമായി പൊരുത്തപ്പെടാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**<u>A) സിറിയക് സഭയുടെ പാത്രിയർക്കീസിന് മലങ്കരസഭയിൽ മെത്രാന്മാരെ വാഴിക്കാം</u>**
B) മലങ്കരസഭയിലെ എല്ലാ പള്ളികളും 1934 ലെ ഭരണഘടനാ അനുസരിച്ചു ഭരിക്കപ്പെടണം
C) 1934 ലെ ഭരണഘടനാ അംഗീകരിച്ചു
D) സിറിയക് സഭയുടെ പാത്രിയർക്കീസിന് മലങ്കരയിൽ അധികാരം ഇല്ല

**18) 1924 ൽ പൗരസ്ത്യ സുവിശേഷ സമാജം രൂപീകരിച്ചത് ആര് ?**
**<u>A) അർത്തുങ്കൽ ഗീവർഗീസ് കത്തനാർ</u>**
B) ഔഗേൻ ബാവ
C) പത്രോസ് മാർ ഒസ്താത്തിയോസ്
D) മാർ ബസേലിയോസ് പൗലോസ് ബാവ

**19) കുടുംബത്തെക്കുറിച്ചു തന്നിരിക്കുന്ന പ്രസ്താവനക ളിൽ വേദപുസ്തകാധിഷ്ഠിതമായ ചിന്തകൾ അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) സ്ത്രീക്കും പുരുഷനും സ്നേഹം പങ്കിടാനുള്ള ഉപാധിയാണ് കുടുംബം**
**(ii) സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റാണ് കുടുംബം**
**(iii) കുടുംബത്തിന്റെ ചുമതലകൾ ദൈവേഷ്ടത്തിന് വിധേയമായിരിക്കണം**
**(iv) കുടുംബം സാമ്പത്തിക സുരക്ഷിതത്വത്തിനുള്ള ഉപാധിയാണ്**
**(v) കുടുംബ സൃഷ്ടി ദൈവപരിപാലനത്തിന്റെ ഭാഗമാണ്**
**<u>A) (iii), (v)</u>**
B) (i), (ii)
C) (ii), (iii)
D) (iv), (v)

**20) വിവാഹ ബന്ധത്തിൽ ഉടമ്പടി ദൈവത്തോടാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്ന വേദഭാഗം**
**<u>A) വിശുദ്ധ മത്തായി 19:1-12</u>**
B) വിശുദ്ധ ലൂക്കോസ് 22: 5
C) എഫെസ്യർ 5: 22-32
D) വിശുദ്ധ മർക്കോസ് 2: 4

**21) മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങളിൽ വന്ന മാറ്റം കുടുംബബന്ധങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. ഇതിന് യോജിക്കുന്ന പ്രസ്താവന**

**തെരഞ്ഞെടുക്കുക**
**A) സ്ത്രീയും പുരുഷനും വീടിനു പുറത്തു ജോലി ചെയ്യുന്ന രീതി**
B) കൗദാശിക മൂല്യങ്ങൾക്ക് ഉണ്ടായ കുറവ്
C) മാധ്യമങ്ങൾ സൃഷ്ടിക്കുന്ന മൂല്യബോധം
D) സൗഹൃദത്തിന്റെ ഭാഗമായി ആരംഭിക്കുന്ന ദുശ്ശീലങ്ങൾ

**22) ആധുനിക ലോകത്തു people are to be used, things are to be loved എന്ന് പറയുന്നതിന്റെ അർത്ഥം**
**A) പണവും സാങ്കേതിക വിദ്യകളും ഉണ്ടെങ്കിൽ വ്യക്തികളെ ആവശ്യമില്ല**
B) സോഷ്യൽ നെറ്റ് വർക്കിങ്ങിന്റെ പ്രാധാന്യം മനസ്സിലാക്കണം
C) കൂട്ടുകുടുംബ വ്യവസ്ഥിതി തിരികെ കൊണ്ടുവരണം
D) ബന്ധങ്ങൾ കൊണ്ട് കൃത്യമായ പ്രയോജനം മനസ്സിലാക്കണം

**23) മലങ്കര സഭാംഗങ്ങൾ മറ്റു എപ്പിസ്കോപ്പൽ സഭാംഗങ്ങളുടെ വിവാഹത്തിൽ ഏർപ്പെടുമ്പോൾ സ്വീകരിക്കുന്ന രീതി യെക്കുറിച്ചു ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) കൽദായ സഭാംഗങ്ങൾക്കു മൂറോനഭിഷേകം നൽകുന്നില്ല**
B) കത്തോലിക്ക സഭയുടെ മാമ്മോദീസ സ്വീകരിക്കുന്നില്ല
C) മാർത്തോമാ സഭയിലെ അംഗത്തെ മലങ്കര സഭയിൽ അംഗമാകാതെ വിവാഹം കഴിക്കാം
D) പെന്തകൊസ്തു സഭാംഗങ്ങൾക്കു മൂറോനഭിഷേകം നൽകുന്നില്ല

**24) തന്നിരിക്കുന്നവയിൽ ഇന്ത്യയിൽ ഉത്ഭവിച്ചതല്ലാത്ത മതം തെരഞ്ഞെടുക്കുക**
**A) പാഴ്സി**
B) ജൈനമതം
C) ബുദ്ധമതം
D) സിഖ് മതം

**25) ആകമാന ക്രൈസ്തവ സഭ വിശ്വാസപരമായ കാരണങ്ങളാൽ വിഭജിച്ചത് സംബന്ധിച്ചു ഏറ്റവും ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) യേശുക്രിസ്തുവിൽ ദൈവ മനുഷ്യ സ്വഭാവങ്ങൾ എന്ന വിഷയത്തിലാണ് തർക്കമുണ്ടായത്
C) കൽക്കദോന്യ സുന്നഹദോസിന്റെ ഫലമായാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഉണ്ടായത്
D) കൽക്കദോന്യ സുന്നഹദോസിൽ വച്ചാണ് ആദ്യ വിഭജനം ഉണ്ടായതു

**26) നാലാം നൂറ്റാണ്ടിൽ ഒരു രാജ്യത്തെ രാജാവുൾപ്പടെ രാജ്യത്തിലെ മുഴുവൻ പേരും ക്രിസ്ത്യാനികളായ ചരിത്രമുള്ള സഭ**
**A) അർമേനിയൻ സഭ**
B) എത്യോപ്യൻ സഭ
C) കോപ്റ്റിക് സഭ
D) എറിട്രിയൻ സഭ

**27) പ്രൊട്ടസ്റ്റന്റ് സഭകളെ സംബന്ധിച്ചു ഏറ്റവും ശരിയായ പ്രസ്താവന**
**A) കത്തോലിക്ക സഭയിലെ നവീകരണ പ്രസ്ഥാനമാണ് പ്രൊട്ടസ്റ്റന്റ് സഭ ഉണ്ടാകാൻ കാരണം**
B) കൽക്കദോന്യ സുന്നഹദോസാണ് പ്രൊട്ടസ്റ്റന്റ് സഭ ഉണ്ടാകാൻ അടിസ്ഥാന കാരണം
C) പ്രോട്ടസ്റ്റന്റ് സഭകൾ നിഖ്യ സുന്നഹദോസിന് പ്രാധാന്യം നൽകുന്നുണ്ട്
D) സഭയുടെ ആചാരങ്ങൾക്ക് അടിസ്ഥാനം വേദപുസ്തകം മാത്രമാണ് എന്ന് പ്രൊട്ടസ്റ്റന്റ് സഭ പഠിപ്പിക്കുന്നില്ല

**28) WCC യെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത്?**
**<u>A) എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഇതിൽ അംഗങ്ങളാണ്</u>**
B) WCC 1948 ലാണ് സ്ഥാപിക്കപ്പെട്ടത്
C) എക്യൂമെനിക്കൽ പാത്രിയർക്കീസ് ആണ് രൂപീകരിക്കുന്നതിന് നിർദേശിച്ചത്
D) മലങ്കര സഭ WCC യുടെ സ്ഥാപക അംഗമാണ്

**29) മലങ്കരസഭയുടെ എക്യൂമെനിക്കൽ ഡയലോഗുകളുമായി ബന്ധമില്ലാത്തത് തെരഞ്ഞെടുക്കുക**
**<u>A) ഓറിയന്റൽ ഓർത്തഡോക്സ് ഈസ്റ്റേൺ ഓർത്തഡോക്സ് ലയന തീരുമാനത്തിന് മുൻകൈ എടുത്തു</u>**
B) ഓറിയന്റൽ ഓർത്തഡോക്സ് സഭ തലവന്മാരുടെ സമ്മേളനം 1665 ൽ നടന്നു
C) കത്തോലിക്ക സഭയുമായി എല്ലാ വർഷവും ചർച്ചകൾ നടക്കുന്നു
D) ഓറിയന്റൽ ഓർത്തഡോക്സ് ഈസ്റ്റേൺ ഓർത്തഡോക്സ് സംയുക്ത വേദശാസ്ത്ര കമ്മീഷൻ നിലവിൽ വന്നു

**30) തന്നിരിക്കുന്നവയിൽ മനുഷ്യാവകാശ ധ്വംസനമായി കാണാവുന്നത് ഏത്?**
**<u>A) സോഷ്യൽ മീഡിയയിൽ വ്യക്തിഹത്യ</u>**
B) അഭിപ്രായ സ്വാതന്ത്ര്യം
C) മതസ്വാതന്ത്ര്യം
D) തുല്യ പരിഗണന

**31) ഓർത്തഡോക്സ് സഭാംഗങ്ങൾ മറ്റുഎപ്പിസ്കോപ്പൽ വിശ്വാസത്തിൽ ഉള്ളവരും ആയി വിവാഹത്തിൽ ഏർപ്പെടുമ്പോൾ വിശ്വാസപരമായി പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഉൾപ്പെടാത്തതു തെരഞ്ഞെടുക്കുക**
**<u>A) ക്രിസ്തുമസ്, ഈസ്റ്റർ ആചരണം</u>**
B) പരിശുദ്ധന്മാരോടുള്ള മധ്യസ്ഥത
C) വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന
D) നോമ്പ് , ഉപവാസം

**32) അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന റൂസ്‌വെൽറ്റിന്റെ അഭിപ്രായത്തിലുള്ള മൗലിക സ്വാതന്ത്ര്യത്തിൽ ഉൾപ്പെടാത്തത് ഏത്**
**<u>A) സാമ്പത്തിക സ്വാതന്ത്ര്യം</u>**
B) അഭിപ്രായ സ്വാതന്ത്ര്യം
C) മത സ്വാതന്ത്ര്യം+
D) ദാരിദ്ര്യത്തിൽ നിന്നുള്ള മോചനം

**33) തന്നിരിക്കുന്നവയിൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് ഉദാഹരണമല്ലാത്തത്**
**<u>A) WRC</u>**
B) YMCA
C) WSCF
D) Life and work movement

**34) 'വിശ്വാസവും സഭാ ക്രമവും' പ്രസ്ഥാനത്തിന്റെ പ്രത്യേകത**
**<u>A) വിശ്വാസ കാര്യങ്ങൾ തുറന്നു സംസാരിക്കുക</u>**
B) ക്രൈസ്തവ ഐക്യത്തിനായുള്ള സ്ഥിരം സംവിധാനം
C) മിഷനറി പ്രവർത്തനത്തിന് സഹകരിക്കുക
D) പൊതുവായ സാക്ഷ്യത്തിനുള്ള കർമപരിപാടികൾ സംഘടിപ്പിക്കുക

**35) തന്നിരിക്കുന്നവയിൽ ജീവിക്കാനുള്ള അവകാശം ലക്ഷ്യമാക്കിയുള്ള പ്രസ്താവന**

A) ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21
B) ഇന്റർനാഷണൽ കവനന്റ് ഓൺ സിവിൽ ആൻഡ് പൊളിറ്റിക്കൽ റൈറ്സ്
C) ഇന്റർനാഷനൽ കവനന്റ് ഓൺ ഇക്കണോമിക്സ്
D) ഇന്റർനാഷണൽ കവനന്റ് ഓൺ ലൈഫ്

**36) ജീവൻ പരിപോഷണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം**
**A) ജീവൻ സംരക്ഷിക്കുക നിലനിർത്തുക എന്നിവക്കുള്ള പരിശീലനം**
B) അക്രമങ്ങൾക്കെതിരെ പ്രതികരിക്കുക
C) കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തുക
D) മനുഷ്യന്റെ ജീവിതസുഖങ്ങളോടുള്ള ആർത്തിക്കെതിരെ

**37) ബാലനീതി നിയമത്തിന്റെ ഭാഗമല്ലാത്തത്**
**A) 1976 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി**
B) ബാലവേല ചെയ്യിക്കുന്നത് കുറ്റകരമാണ്
C) കുട്ടികളുടെ വിദ്യാഭ്യാസം നിർബന്ധമാണ്
D) കുട്ടികളെ പീഡിപ്പിക്കുന്നത് കുറ്റകരമാണ്

**38) തന്നിരിക്കുന്നവയിൽ ഗാന്ധിജിയുടെ ആശയങ്ങളോട് യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) ധാർമികമായ ആശയങ്ങൾ എപ്പോഴും വിജയിക്കണമെന്നില്ല**
B) എല്ലാവർക്കും പുരോഗതി എന്ന ആശയം നടപ്പിലാക്കണം
C) എല്ലാവരും സഹോദരീ സഹോദരന്മാരായി ഐക്യപ്പെടണം
D) ദൈവത്തിൽ വിശ്വസിക്കുന്നവന് പ്രാർഥനയില്ലാതെ ജീവിതം സാധ്യമല്ല

**39) മതവും സാമൂഹ്യ ജീവിതവും തമ്മിലുള്ള സമീപനത്തിൽ ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**A) സ്വന്ത മതത്തിന്റെ വളർച്ചക്കുവേണ്ടി മറ്റു മതങ്ങളോട് എന്തും ചെയ്യുവാൻ തയ്യാറാകുക**
B) സ്വന്ത മതത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുക
C) മറ്റു മതങ്ങളുമായി സാമൂഹ്യ ഉന്നമനത്തിനുവേണ്ടി സഹകരിക്കുക
D) മതത്തെ സമൂഹത്തിന്റെ ഭാഗമായി പരിഗണിക്കുക

**40) ഫെമിനിസ്റ്റ് വേദശാസ്ത്ര ലക്ഷ്യങ്ങളോട് പൂർണ്ണമായി യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) മതങ്ങളുടെ വേദശാസ്ത്രങ്ങളെ പുനരാഖ്യാനം നടത്തുന്നു**
B) മതനേതൃത്വങ്ങളിൽ സ്ത്രീകളുടെ പങ്കു വർദ്ധിപ്പിക്കുക
C) തൊഴിലും മാതൃത്വവും ചേർന്ന് സ്ത്രീയുടെ സ്ഥാനം നിർണയിക്കുക
D) സ്ത്രീകളുടെ സഭാപങ്കാളിത്തത്തെ ക്കുറിച്ചു പഠിക്കുക

**41) സമ്പത്തിന്റെ വേദശാസ്ത്രവുമായി യോജിക്കുന്ന പ്രസ്താവന ഏത് ?**
**A) സമ്പത്തു ദരിദ്രർക്കും ആവശ്യക്കാർക്കും പങ്കിടുവാനാണ്**
B) മുതലാളിത്തത്തിൽ കൂടി പരമാവധി ലാഭം ലക്ഷ്യമിടുന്നു
C) നീതിപൂർവമായ സാമൂഹ്യനിർമിതിയാണ് സാമൂഹിക സോഷ്യലിസം
D) മുതലാളിത്തിൽ നിന്നും സോഷ്യലിസത്തിലേക്കുള്ള വളർച്ച അനിവാര്യമാണ്

**42) യിസ്രായേലിലെ പരിച്ഛേദന ഏൽക്കുന്ന പതിവിന് കാരണം**
**A) ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി**
B) ആരാധനയുടെ ഭാഗം
C) സഭയിലെ അംഗത്വത്തിന് ആവശ്യമായിരുന്നു
D) ദൈവം നൽകിയ കൃപകളുടെ സ്മാരകം

**43) 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ ....' എന്ന പ്രാർത്ഥനയുടെ തന്നിരിക്കുന്ന ഭാഗത്തു വിട്ടുപോയ ഭാഗം പൂരിപ്പിക്കുക**

**കർത്താവെ ......................................... നിന്റെ വരവിനെ നോക്കിപ്പാർത്തിരിക്കുന്ന**
A) <u>നിന്റെ ആശ്രയത്തിൽ മരിച്ചു</u>
B) നിന്നിൽ വിശ്വസിച്ചു
C) നിന്നിൽ ആശ്രയിച്ചു
D) നിന്നോട് പ്രാർത്ഥിച്ചു

**44) മൂന്നാം നൂറ്റാണ്ടിലെ സുറിയാനി ആരാധനയെക്കുറിച്ചു പ്രതിപാദിക്കുന്ന പുരാതന ഗ്രന്ഥം**
A) <u>മാർതോമാശ്ലീഹായുടെ പ്രവർത്തികൾ</u>
B) പുതിയനിയമപഠനം
C) വിശുദ്ധ കുർബ്ബാനയിലെ രഹസ്യാത്മകത
D) സ്വർഗീയമന്ന

**45) തന്നിരിക്കുന്നവയിൽ വിശുദ്ധ കുർബ്ബാനയിലെ വചനശുശ്രൂഷാ ഭാഗത്തിന്റെ ഭാഗമല്ലാത്തത് ഏത് ?**
A) <u>തുബ്ദേനുകൾ</u>
B) വിശ്വാസപ്രമാണം
C) മാർ സേവേറിയോസിന്റെ മാനീസാ
D) ത്രൈശുദ്ധ കീർത്തനം

**46) ഗീതം പൂരിപ്പിക്കുക**
**സ്തുതിദൈവത്തിന്നുയരത്തിൽ**
**തൻമാതാവിന്നുന്നതിയും**
**..........................**
**മൃതരിൽ കരുണയുമുണ്ടാക**
A) <u>മഹിമാമുടിസഹദേന്മാർക്കും</u>
B) കന്യകാമറിയാമിന്നെന്നും
C) നിന്നെകുമ്പിടുമീലോകം
D) കബറടഞ്ഞോർ നൽ ശരണം നീയേ

**47) യേശുക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയ സംഭവം വിവരിക്കുന്ന സുവിശേഷം**
A) <u>വിശുദ്ധ യോഹന്നാൻ</u>
B) വിശുദ്ധ മത്തായി
C) വിശുദ്ധ മർക്കോസ്
D) വിശുദ്ധ ലൂക്കോസ്

**48) 'വിശുദ്ധ കുർബ്ബാന ഒരു ധ്യാനാത്മക പഠനം' എന്ന ഗ്രന്ഥം രചിച്ചത് ആര്**
A) <u>ബിഷപ്പ് ഹെൻബർട് പാക്കൻഹാം</u>
B) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
C) പൗലോസ് മാർ ഗ്രീഗോറിയോസ്
D) ഫാദർ ടി ജെ ജോഷ്വ

**49) 'നിന്നാൾ സ്തുതിയോടു രാജമകൾ' എന്ന ഗീതത്തിന്റെ വേദപുസ്തക അടിസ്ഥാനഭാഗം**
A) <u>സങ്കീർത്തനം 45: 9 -11</u>
B) സങ്കീർത്തനം 92: 14
C) സങ്കീർത്തനം 132: 9 -10
D) സങ്കീർത്തനം 103: 13-15

**50) വിശുദ്ധ കുർബ്ബാനയുടെ മലയാള തക്സായ്ക്ക് പ്രചാരംനൽകുന്നതിന് മുൻകൈ എടുത്ത വ്യക്തി**

**A) എം പി പീറ്റർ ശെമ്മാശ്ശൻ**
B) ജോൺ ക്രിസോസ്റ്റം
C) ദിവന്നാസിയോസ് ബർസ്ലീബി
D) ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി